സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 285 2026 ഫെബ്രുവരി 26 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മോദി തന്നെ ഒന്നാമൻ!

ന്യൂഡൽഹി: ഇൻസ്റ്റാഗ്രാമിൽ നൂറ് മില്യൺ ഫോളോവേഴ്സുള്ള ആദ്യ ലോക നേതാവും രാഷ്ട്രീയക്കാരനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 2014ലാണ് പ്രധാനമന്ത്രിക്ക് ഇൻസ്റ്റാഗ്രാം അക്കൗണ്ട് തുറന്നത്. മോദി ഇൻസ്റ്റാഗ്രാമിൽ ആരെയും പിന്തുടരുന്നില്ല. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെക്കാളും ഇരട്ടിയാണ് മോദിയുടെ ഫോളോവേഴ്സ്. അടുത്തതായി വരുന്ന അഞ്ച് ലോക നേതാക്കളുടെ മൊത്തം ഫോളോവേഴ്സിന്റെ എണ്ണം മോദിയുടെ വ്യക്തികത ഫോളോവേഴ്സ് എണ്ണത്തെക്കാളും കുറവാണ്.43.2 മില്യൺ ഫോളോവേഴ്സാണ് ട്രംപിനുള്ളത്. തൊട്ടുപിന്നിലുള്ള ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയ്ക്ക് 15 മില്യൺ ഫോഴോവേഴ്സാണുള്ളത്. 14.4 മില്യൺ ഫോളോവേഴ്സുമായി ബ്രസീലിയൻ പ്രസിഡന്റ് ലുല ആണ് അടുത്തത്. 11.6 മില്യൺ ഫോളോവേഴ്സുമായി തുർക്കി പ്രസിഡന്റ് എർഡോഗനാണ് അഞ്ചാം സ്ഥാനത്ത്.

സംസ്ഥാന പട്ടയമേള ഉൽഘാടനം തൃശൂർ ടൗൺ ഹാളിൽ മന്ത്രി കെ. രാജൻ നിർവഹിക്കുന്നു.

ആനയുടെ ആക്രമണത്തിൽ യുവാവിന് പരിക്ക്

തൃശ്ശൂർ: അന്നമനട മഹാദേവ ക്ഷേത്രത്തിൽ ഉത്സവ എഴുന്നള്ളിപ്പിനിടെ ആനയുടെ ആക്രമണത്തിൽ യുവാവിന് പരിക്ക്. എരയാംകുടി തുറനെല്ലൂർ മനയിൽ വിവേകിനാണ് പരിക്കേറ്റത്. യുവാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പാഠപുസ്തക വിവാദത്തിൽ മാപ്പ് പറഞ്ഞ് കേന്ദ്രം; തലകൾ ഉരുണ്ടേ മതിയാകൂവെന്ന് സുപ്രീംകോടതി

ഡൽഹി: പാഠപുസ്തക വിവാദത്തിൽ സുപ്രീകോടതിയിൽ മാപ്പ് പറഞ്ഞ് കേന്ദ്രസർക്കാർ. പാഠഭാഗങ്ങൾ തയാറാക്കിയവർക്കെതിരെ കർശന നടപടിയെടുക്കും. ഭാവിയിൽ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഒരു പ്രവർത്തനത്തിലും അവരെ ഭാഗമാക്കില്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. സോളിസിറ്റർ ജനറൽ തുഷാർ മേത്തയാണ് കേന്ദ്രസർക്കാറിന് വേണ്ടി കോടതിയിൽ ഹാജരായ നിലപാട് അറിയിച്ചത്.

ഗൗരവമായി തന്നെയാണ് വിഷയത്തെ കേന്ദ്രസർക്കാർ സമീപിച്ചത്. അതുകൊണ്ടാണ് രണ്ട് ജീവനക്കാരേയും മാറ്റി നിർത്തി ഭാവിയിൽ വിദ്യാഭ്യാസമന്ത്രാലയത്തിന്റെ ഒരു പ്രവർത്തനത്തിലും അവർ ഭാഗമാവില്ലെന്ന് ഉറപ്പാക്കുകയും ചെയ്തെന്നും തുഷാർ മേത്ത പറഞ്ഞു. എന്നാൽ, മാപ്പ് കൊണ്ട് മാത്രം വിഷയം ഒതുക്കാനാവില്ലെന്ന് സുപ്രീംകോടതി നിലപാടെടുത്തു.

സംഭവത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് സുപ്രീംകോടതി നിർദേശിച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന് മുന്നിൽ കൊണ്ടു വരികയെന്നത് തങ്ങളുടെ കടമയാണ്. ഉത്തരവാദികളെ കണ്ടെത്തും വരെ ഞങ്ങൾ നിയമനടപടികൾ അവസാനിപ്പിക്കില്ലെന്നും തലകൾ ഉരുണ്ടേ മതിയാവുയെന്നും സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് മിശ്ര പറഞ്ഞു. ജുഡീഷ്യറിക്ക് നേരെ നിങ്ങൾ വെടിയുതിർത്തിരിക്കുകയാണ്. രക്തംവാർന്ന് നിൽക്കുകയാണ് രാജ്യത്തെ ജുഡീഷ്യൽ വ്യവസ്ഥയെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കൂട്ടിച്ചേർത്തു.

എട്ടാം ക്ലാസിലെ എൻ.സി.ഇ.ആർ.ടി പാഠപുസ്തകത്തിൽ നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പരാമർശിച്ചതിൽ സുപ്രീം കോടതി കഴിഞ്ഞ ദിവസം കടുത്ത അതൃപ്തി രേഖപ്പെടുത്തിയിരുന്നു. ജുഡീഷ്യറിയെ അപകീർത്തിപ്പെടുത്താൻ ഒരാളെയും അനുവദിക്കില്ലെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കി. നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയത് കേവലം അശ്രദ്ധയല്ലെന്നും, മറിച്ച് ജുഡീഷ്യറിയുടെ പ്രതിച്ഛായ തകർക്കാൻ ലക്ഷ്യമിട്ടുള്ള കരുതിക്കൂട്ടിയുള്ള നീക്കമാണെന്നും ചീഫ് ജസ്റ്റിസ് നിരീക്ഷിച്ചു. കോടതി ഇടപെടലിന് പിന്നാലെയാണ് പുസത്കം വിൽപനയിൽ നിന്ന് പിൻവലിച്ച വാർത്ത പുറത്തുവന്നത്.

ആരോഗ്യമന്ത്രിയുടേത് വെറും അഭിനയം

എം.വി. ഗോവിന്ദനെതിരെ കേസെടുക്കണമെന്ന് വി.ഡി. സതീശൻ

തിരു: ആരോഗ്യമന്ത്രി വീണ ജോർജ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽവെച്ച് ആക്രമിക്കപ്പെട്ടുവെന്നത് വെറും 'അഭിനയം' മാത്രമാണെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ പറഞ്ഞു.

കെ.എസ്.യു പ്രവർത്തകർ മന്ത്രിയുടെ സമീപത്തുപോലും എത്തിയിട്ടില്ലെന്നും റെയിൽവേ പോലീസ് നടത്തിയ അന്വേഷണത്തിൽ അക്രമം നടന്നതിന് യാതൊരു തെളിവുമില്ലെന്ന് വ്യക്തമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ കൈയ്യിലുണ്ടെന്ന് പറയുന്ന പരിക്ക് രണ്ട് ദിവസം മുമ്പുള്ള വിവിധ പരിപാടികളുടെ ചിത്രങ്ങളിലും കാണാമെന്നും സതീശൻ ചൂണ്ടിക്കാട്ടി. സംഭവത്തിന് ദൃക്സാക്ഷിയല്ലാത്ത സ്പീക്കർ ഇത്തരമൊരു ഗൂഢാലോചനയിൽ പങ്കാളിയാകാൻ പാടില്ലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മന്ത്രിയുടെ കഴുത്തും കൈയും കെ.എസ്.യു പ്രവർത്തകർ പിടിച്ചുതിരിച്ചു എന്ന പച്ചക്കള്ളം പ്രചരിപ്പിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പാർട്ടി പ്രവർത്തകരെ അക്രമത്തിന് പ്രകോപിപ്പിക്കുകയാണെന്ന് സതീശൻ പറഞ്ഞു. ഇതിനെരെ കേസെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കരിങ്കൊടി കാണിച്ച പ്രവർത്തകർക്കെതിരെ വധശ്രമത്തിന് കേസെടുത്ത് റിമാൻഡ് ചെയ്തത് തെറ്റായ നടപടിയാണെന്നും സർക്കാരിനെതിരായ ജനവികാരം വഴിതിരിച്ചുവിടാനാണ് ഇത്തരം ശ്രമങ്ങൾ നടക്കുന്നതെന്നും സതീശൻ കൂട്ടിച്ചേർത്തു.

ആരോഗ്യമേഖലയിലെ തകർച്ചയും സർക്കാരിനെതിരായ ജനവികാരവും മറച്ചുവെക്കാനാണ് ഇത്തരമൊരു നാടകം ആസൂത്രണംചെയ്തതെന്ന് കെ.എസ്.യു

സംസ്ഥാന അധ്യക്ഷൻ അലോഷ്യസ് സേവ്യർ പറഞ്ഞു. പ്ലാറ്റ്ഫോമിലൂടെ സാധാരണ രീതിയിൽ നടന്നുപോയ മന്ത്രി പിന്നീട് ആശുപത്രിയിൽ ഐസിയുവിൽ പ്രവേശിക്കപ്പെട്ടതും ഗൗരവകരമായ പരിക്കുകളില്ലെന്ന മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവന്നതും ഈ നാടകത്തിന്റെ തെളിവാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കയ്യിലുണ്ടായിരുന്ന കരിങ്കൊടിയുടെ ഒരു നൂലിഴ പോലും മന്ത്രിയുടെ ദേഹത്ത് തട്ടിയിട്ടില്ലെന്നും കരിങ്കൊടി മാരകായുധമാണോ എന്ന് പോലീസ് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സിപിഎം നേതാക്കളുടെ പ്രസ്താവനകളിൽ വലിയ വൈരുദ്ധ്യങ്ങളുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മന്ത്രിയെ കെ.എസ്.യു പ്രവർത്തകർ ആക്രമിച്ചു എന്നത് വാസ്തവവിരുദ്ധമായ ഒരു കാര്യമാണെന്നും ഡിസിസി ഓഫീസ് ആക്രമിച്ചത് കണ്ണൂർ ജില്ലയിലെ മാർക്സിസ്റ്റ് നേതാക്കളുടെ അറിവോടെയാണെന്നും കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് പ്രതികരിച്ചു.

ആരോഗ്യവകുപ്പിനെതിരെയും സർക്കാരിനെതിരെയും ഉയരുന്ന ശക്തമായ പ്രതിഷേധത്തെ തടയുന്നതിനായി കെട്ടിച്ചമച്ച കള്ള പ്രചരണമാണിതെന്നും അത് ജനങ്ങൾ തള്ളിക്കളയുമെന്ന കാര്യത്തിൽ സംശയമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെ.കെ ശൈലജക്ക് സീറ്റില്ല? മട്ടന്നൂരിൽ സനോജിന് പരിഗണന

കണ്ണൂർ: വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കെ.കെ ശൈലജയെ മത്സരിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമായില്ല. രക്തസാക്ഷി ഫണ്ട് വിവാദത്തിനിടയിലും പയ്യന്നൂരിൽ വീണ്ടും ടി.ഐ മധുസൂദനനെ മത്സരിപ്പിക്കാനൊരുങ്ങുകയാണ് സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറിയേറ്റ്. തലശേരിയിൽ സ്പീക്കർ എ.എൻ ഷംസീറിന് പകരം കാരായി രാജനും എം.വി ജയരാജനുമാണ് പരിഗണനയിലുള്ളത്.തളിപ്പറമ്പിൽ സി.പി.എം ജില്ലാ കമ്മിറ്റി അംഗവും എം.വി ഗോവിന്ദന്റെ ഭാര്യയുമായ പി.കെ ശ്യാമളയുടെ പേരാണ് പരിഗണനയിൽ. കെ.കെ ശൈലജയെ മത്സരിപ്പിക്കുന്ന കാര്യം മേൽക്കമ്മിറ്റി തീരുമാനിക്കും. നിലവിൽ മട്ടന്നൂരിൽ ശൈലജക്ക് പകരം വി.കെ സനോജിനെയാണ് പാർട്ടി പരിഗണിക്കുന്നത്.

ശൈലജയെ മത്സരിപ്പിക്കാൻ സംസ്ഥാന കമ്മിറ്റി തീരുമാനിക്കുകയാണെങ്കിൽ തളിപ്പറമ്പിലാണ് സാധ്യതയുള്ളത്. ബാക്കിയുള്ള മണ്ഡലങ്ങളിൽ സിറ്റിങ് എം.എൽ.എമാർക്കാണ് പ്രഥമ പരിഗണന. എം.വി നികേഷ് കുമാറിനെയും പി.ജയരാജനെയും ഒരു മണ്ഡലത്തിലും പരിഗണിച്ചില്ല.

മന്ത്രിയുടെ കഴുത്തിന് നീർവീക്കം; ഞരമ്പിന് ക്ഷതം; ആരോഗ്യനിലയിൽ മാറ്റമില്ല: മെഡിക്കൽ ബോർഡ്

കണ്ണൂർ: ആരോഗ്യമന്ത്രി വീണാ ജോർജ് ഇന്ന് ആശുപത്രി വിടില്ല. മന്ത്രിക്ക് ശരീരവേദന തുടരുന്നുവെന്നും യാത്ര ചെയ്യാൻ കഴിയില്ല എന്നുമാണ് ഇന്ന് ചേർന്ന മെഡിക്കൽ ബോർഡ് വിലയിരുത്തിയത്. ഇന്നലെ രാത്രിയാണ് കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിന്ന് വിദഗ്ധ പരിശോധനയ്ക്ക് വേണ്ടി പരിയാരം മെഡിക്കൽ കോളജിലേക്ക് മന്ത്രി വീണാ ജോർജിനെ മാറ്റിയത്. ഐസിയുവിൽ ചികിത്സയിൽ തുടരുകയാണ് മന്ത്രി. കഴുത്തിന് വേദന ഇപ്പോഴുമുണ്ട്. ഞരമ്പിന് ക്ഷതം ഏറ്റിട്ടുണ്ട് എന്നും നീർവീക്കം ഉണ്ടെന്നുമാണ് മെഡിക്കൽ ബോർഡ് വിലയിരുത്തിയത്.

ശരീരവേദന തുടരുന്നതിനാൽ മന്ത്രിക്ക് യാത്ര ചെയ്യാൻ കഴിയില്ലെന്നും അതിനാൽ ഇന്ന് ഡിസ്ചാർജ് ചെയ്യേണ്ട എന്നുമാണ് രാവിലെ ചേർന്ന യോഗത്തിൽ തീരുമാനിച്ചത്. ഇന്നലെ നടത്തിയ എംആർഐ പരിശോധനയിൽ കാര്യമായ പ്രശ്നങ്ങൾ ഇല്ലെന്നുമാണ് യോഗം വിലയിരുത്തിയത്. അതേസമയം, മന്ത്രിയുടെ ഡിസ്ക്കിനും വേദനയുണ്ടെന്നും ഇത് നേരത്തെ ഉള്ളതാണെന്നും അധികൃതർ അറിയിച്ചു.

മന്ത്രിയെ കൊല്ലാൻ ശ്രമിച്ചു എന്ന കേസിൽ കെഎസ്‌യു ജില്ലാ പ്രസിഡണ്ട് എം സി അതുൽ, പ്രവർത്തകരായ അക്ഷയ്, മുബാസ്, യാസിൻ, ബിദുൽ എന്നിവരെ മാർച്ച് 12 വരെ റിമാൻഡ് ചെയ്തു. മാരകായുധം ഉപയോഗിച്ച് മന്ത്രിയെ കൊല്ലുമെന്ന് ആക്രോശിച്ച് പ്രതികൾ ആക്രമിച്ചു എന്നാണ് പോലീസ് കേസ്.

വയോധിക കിണറ്റിൽ മരിച്ച നിലയിൽ

തൃശ്ശൂർ: ചേലക്കരയിൽ വയോധികയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. വെങ്ങാനല്ലൂർ കീഴില്ലം വത്സല (74)യെയാണ് ഇന്ന് രാവിലെ വീടിന് സമീപത്തെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ചേലക്കര പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

ഗുരുവായൂർ ക്ഷേത്രത്തിൽ ദർശന നിയന്ത്രണം

കുന്നംകുളം::ഗുരുവായൂർ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ ദർശന നിയന്ത്രണം ഏർപ്പെടുത്തി. വ്യാഴം, വെള്ളി ദിവസങ്ങളിൽ പുലർച്ചെ നാല് മുതൽ പകൽ 11.30 വരെയാകും നിയന്ത്രണം. ശനിയാഴ്ച വൈകിട്ട് ദീപാരാധനയ്ക്ക് ശേഷം നാലമ്പലത്തിൽ പ്രവേശനം ഉണ്ടാവില്ല.

ഈ വർഷത്തെ ഉത്സവം ഈ മാസം 28ന് കൊടിയേറി മാർച്ച് ഒമ്പതിന് തിങ്കളാഴ്ച ആറാട്ടോടെ സമാപിക്കും. 27ന് വെള്ളിയാഴ്ച രാവിലെ സഹസ്രകലശാഭിഷേകം, തുടർന്ന് ബ്രഹ്മകലശാഭിഷേകം എന്നിവയോടെ സമാപിക്കും. മാർച്ച് മൂന്നിന് ചന്ദ്രഗ്രഹണമായതിനാൽ വൈകീട്ട് ആറ് മണിക്കും ക്ഷേത്ര നട അടച്ച് 7.15ന് നടതുറന്ന് ക്ഷേത്രത്തിലെ ചടങ്ങുകൾ ക്രമപ്രകാരം നടക്കുന്നതുമാണ്.

പിണറായി–ഷംസീർ തിരക്കഥ, മന്ത്രിക്ക് മികച്ച അഭിനയത്തിലുള്ള അവാർഡ് നൽകണം: കെ. മുരളീധരൻ

തിരു : മന്ത്രി വീണ ജോർജിന് കെഎസ്‌യു പ്രതിഷേധത്തിനിടെ പരിക്കേറ്റ സംഭവത്തിൽ പ്രതികരണവുമായി കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. സംഭവത്തിനു പിന്നിൽ പിണറായി– ഷംസീർ തിരക്കഥയാണെന്ന് മുരളീധരൻ ആരോപിച്ചു.

കരിങ്കൊടി കാണിക്കാൻ വന്ന കെ.എസ്.യു പ്രവർത്തകർ മന്ത്രിയുടെ അടുത്തെങ്ങും എത്തിയിട്ടില്ലെന്നും മറിച്ച് മന്ത്രിയാണ് അവരെ തല്ലാൻ പോയതെന്നും മുരളീധരൻ പറഞ്ഞു. മന്ത്രി കെ.എസ്.യു പ്രവർത്തകർക്കുനേരെ ആക്രോശിച്ചുകൊണ്ട് ചെല്ലുന്നതും പോലീസ് അവരെ ശാന്തനാക്കാൻ ശ്രമിക്കുന്നതുമായ ദൃശ്യങ്ങൾ സിസിടിവിയിൽ വ്യക്തമാണ്.

മന്ത്രിക്ക് പരിക്കേറ്റത് ഒരു തിരക്കഥയുടെ ഭാഗമാണ്. റെയിൽവേ സ്റ്റേഷനിലെ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽവെച്ച് ചിരിച്ചു വർത്തമാനം പറഞ്ഞിരുന്ന മന്ത്രിക്ക്, മൂന്നാം നമ്പർ പ്ലാറ്റ്ഫോമിൽ എത്തിയപ്പോഴേക്കും എങ്ങനെയാണ് കഴുത്തിന് ഉളുക്ക് സംഭവിച്ചതെന്ന് അദ്ദേഹം ചോദിച്ചു. സ്പീക്കർ ഷംസീറിനെ കാണുന്നതുവരെ മന്ത്രിക്ക് ഒരു കുഴപ്പവും ഉണ്ടായിരുന്നില്ല. ഷംസീറിനോട് കാര്യങ്ങൾ പറയുന്നു. ഷംസീർ ഉടൻതന്നെ മുഖ്യമന്ത്രിയെ ഫോണിൽ വിളിക്കുന്നു. പെട്ടെന്ന് കഴുത്തുവേദന വന്ന് മന്ത്രിക്ക് അവശതയുണ്ടാകുന്നു. മന്ത്രിയെ ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു.

കൂടാതെ, ഇന്നലെ രാത്രി മന്ത്രിയെ പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റി. പരിയാരം മെഡിക്കൽ കോളേജ് എന്ന് പറഞ്ഞാൽ ഇപ്പോൾ ഏതാണ്ട് സിപിഎമ്മിന്റെ പാർട്ടി ഓഫീസാണ്. ചികിത്സാ പിഴവുകളെക്കുറിച്ച് നിരന്തരം പരാതിവരുന്ന ഒരു മെഡിക്കൽ കോളേജ് കൂടിയാണ്. അവിടെ നിന്നുള്ള റിപ്പോർട്ടുകൾ വിശ്വാസയോഗ്യമല്ലെന്നും മുരളീധരൻ ചൂണ്ടിക്കാട്ടി. അതിനാൽ, നിഷ്പക്ഷമായ പരിശോധനയ്ക്കായി ഡൽഹി ഓൾ ഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരായ ഡോക്ടർമാരുടെ സംഘം മന്ത്രിയെ പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഈ സംഭവം മുഖ്യമന്ത്രിയും സ്പീക്കറും ചേർന്ന് തയ്യാറാക്കിയ ഒരു തിരക്കഥയാണെന്നും ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അക്രമങ്ങൾ നടക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. മന്ത്രി, ഒരു മന്ത്രി എന്ന നിലയിൽ പരാജയമാണെങ്കിലും അഭിനയത്തിൽ മിടുക്കിയാണെന്ന് മുരളീധരൻ പരിഹസിക്കുകയും ചെയ്തു. വാർത്ത വായിക്കുന്ന പോലെ അഭിനയത്തിലും മന്ത്രി മിടുക്കിയാണ്. മികച്ച അഭിനയത്തിലുള്ള അവാർഡ് മന്ത്രിക്ക് നൽകണമെന്നും മുരളീധരൻ പറഞ്ഞു.

ഡ്രൈവിങ്ങിനിടെ കെ എസ് ആർടി സി ഡ്രൈവർ കുഴഞ്ഞുവീണ് മരിച്ചു, ബസ് മതിലിൽ ഇടിച്ചുകയറി

മാവേലിക്കര: ബസ് ഓടിച്ചുകൊണ്ടിരിക്കെ കെഎസ്ആർടിസി ഡ്രൈവർ കുഴഞ്ഞുവീണു മരിച്ചു. നിയന്ത്രണംവിട്ട ബസ് കടകളിലേക്ക് ഇടിച്ചുകയറി. ചെന്നിത്തല മുപ്പത്തഞ്ചിൽ സി. പ്രദീപ്(49) ആണ് മരിച്ചത്.

ഹരിപ്പാട്–പത്തനംതിട്ട സംസ്ഥാനപാതയിൽ മാവേലിക്കര നടക്കാവിൽ ഇന്ന് രാവിലെ 8.22 ഓടെയാണ് സംഭവം. ബസ് ഓടിച്ചുകൊണ്ടിരിക്കെ പ്രദീപ് കുഴഞ്ഞുവീഴുകയായിരുന്നു. ബസിന്റെ നിയന്ത്രണം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ട യാത്രിക്കാരിൽ ഒരാൾ സ്റ്റിയറിങ് തിരിച്ച് കടകളുടെ ഭാഗത്തേക്ക് ബസ് ഇടിച്ചുകയറ്റി നിർത്തുകയായിരുന്നു.

പ്രദീപിനെ ഉടൻതന്നെ മാവേലിക്കര ജില്ലാ ആശുപത്രിയിലും പരുമലയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പത്തനംതിട്ട–ആലപ്പുഴ ചെയിൻ സർവ്വീസ് നടത്തുന്ന മാവേലിക്കര ഡിപ്പോയുടെ ആർഇ എ 885 ബസാണ് അപകടത്തിൽപ്പെട്ടത്. പത്തനംതിട്ടയിൽനിന്ന് മാവേലിക്കരയിലേക്ക് വരികയായിരുന്ന ബസിൽ ഇരുപതോളം യാത്രക്കാർ ഉണ്ടായിരുന്നു. യാത്രക്കാർക്ക് ആർക്കും സാരമായ പരിക്കുകളില്ലെന്നാണ് പ്രഥമിക വിവരം.

പ്രദീപിന് മുൻപ് ഹൃദയാഘാതം ഉണ്ടായിട്ടുള്ളതായി കെഎസ്ആർടിസി അധികൃതർ അറിയിച്ചു. മാവേലിക്കര നടക്കാവ് തോപ്പിൽ ഒപ്റ്റിക്കൽസ്, ഫോർ ഐസ്, കാനറാ ബാങ്ക് എന്നിവ പ്രവർത്തിക്കുന്ന കെട്ടിത്തിന്റെ മുൻഭാഗത്താണ് ബസ് ഇടിച്ചുകയറിയത്. സ്ഥാപനങ്ങളുടെ ബോർഡുകളും മതിലും തകർന്നു.

വനിതകൾക്കും കുട്ടികൾക്കും ബസിൽ സൗജന്യ യാത്ര

തൃശൂർ കോർപ്പറേഷൻ ബഡ്ജറ്റിൽ വൻ വികസനം

തൃശൂർ: കോർപ്പറേഷൻ പുതിയ യു.ഡി.എഫ് ഭരണത്തിന്റെ പ്രഥമ ബഡ്ജറ്റ് ഡെപ്യൂട്ടി മേയർ എ. പ്രസാദ് ഇന്ന് ചേർന്ന കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ചു. അംഗീകാരത്തിനായി ഇന്നും നാളെയും ചർച്ച നടക്കും.

മുൻ കൗൺസിലിന്റെ ജനവിരുദ്ധ പ്രവർത്തനങ്ങളെ മാറ്റിമറിക്കുന്ന വികസന പദ്ധതികളാണ് ഈ കൗൺസിൽ നടപ്പാക്കുകയെന്ന് ഡെപ്യൂട്ടി മേയറും ആ മുഖപ്രസംഗത്തിൽ മേയർ ഡോ: നിജി ജസ്റ്റിനും പ്രസ്താവിച്ചു. അന്തരിച്ച മുൻ ഭരണാധികാരികൾ, ജീവനക്കാർ എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ചാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്.

എല്ലാഡിവിഷനുകളിലും വികസനം എത്തിക്കുന്ന നിർദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. വനിതകൾക്കും കുട്ടികൾക്കും ബസിൽ സൗജന്യ യാത്രാ ഏർപ്പെടുത്തും. നഗരം ഓക്സിജൻ ഗ്രീൻ സിറ്റിയാക്കും. ഫ്ളൈ ഓവറുകൾ, മൃഗശ്മശാനം എന്നിവ നടപ്പാക്കും.

ചാക്കോള ഫുട്ബോൾ ടൂർണമെന്റ് നടപ്പാക്കും.പ്രഥമ മേയർ ജോസ് കാട്ടുകാരൻ സ്മാരക മിനി സ്റ്റേഡിയം കോംപ്ലക്സ് ചിയ്യാരത്ത് നിർമ്മിക്കും. ഗായകൻ ജയചന്ദ്രന്റെ സ്മരണക്കായി ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കും. ചെമ്പൂക്കാവ് മൃഗശാല സ്ഥലം ബോട്ടാണിക്കൽ ഗാർഡനാക്കും.

മുൻ ബാക്കി 11,7867,550രൂപയും വരവ് 375,3600000 രൂപയും അടക്കം മൊത്തം വരവ് 387,1467550രൂപയും ചെലവ് 374,3750000 രൂപയും കഴിച്ച് നീക്കിയിരിപ്പ് 1277,17550 രൂപയും അടങ്ങുന്നതാണ് 2025 –26 വർഷത്തെ ബഡ് ജറ്റ് 2,7606, 00000 രൂപയാണ് വരും വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരവ്.

ശ്രീ ആവണങ്ങാട്ടിൽ കളരി
ശ്രീ വിഷ്ണുമായാ ക്ഷേത്രം
പി ഒ കിഴക്കുംമുറി, പെരിങ്ങോട്ടുകര, തൃശൂർ–680571

വെള്ളാട്ടുമഹോത്സവം

1201 കുംഭം 15, 16, 17 (2026 ഫെബ്രുവരി 27, 28 & മാർച്ച് 01) വെള്ളി, ശനി, ഞായർ

27–02–2026 വെള്ളിയാഴ്ച ഒന്നാം ദിവസം

രാവിലെ 8.30ന് **'പഞ്ചരത്നകീർത്തനാലാപനം'** അവതരണം: സ്വരത്രയ നൃത്തസംഗീത കലാക്ഷേത്രം, മുകാംബി, നോർത്ത് പറവൂർ, 9.30 ന് **'തിരുവാതിരകളി'** അവതരണം: മൂക്കുതല കൈകൊട്ടികളി സംഘം, മൂക്കുതല, 9.45 ന് **'മോഹിനിയാട്ടം'** അവതരണം: ഭാവയാമി ബിജു, ചക്കാട്ട്, 9.55 ന് **'കുച്ചുപ്പുടി'** അവതരണം: ആഷ്മി ശ്രീവത്സൻ, വലിയപറമ്പിൽ, 10.05 ന് **'മോഹിനിയാട്ടം'** അവതരണം: സ്വാതി പ്രസാദ്, വട്ടേക്കാട്ട് വളപ്പിൽ,10.20 ന് **'തിരുവാതിരകളി,** അവതരണം: ടീം കൃഷ്ണകൃപ, അന്തിക്കാട്, 10.30 ന് **'കുച്ചുപ്പുടി'** അവതരണം: സാത്വികം നൃത്താലയം, മിണാലൂർ, 11.00 ന് **'ക്ലാസിക്കൽ ഡാൻസ്'** അവതരണം: കൃഷകലാക്ഷേത്ര, പൂവണി, വൈകീട്ട് 4.30ന് **'തിരുവാതികളി'** അവതരണം: മൈത്രി തിരുവാതിര സംഘം, തൃപ്രയാർ. 4.45 ന് **'ഭരതനാട്യം'** അവതരണം: അനീഷ, വെളിയത്ത്, 5.00 ന് **'ശാസ്ത്രീയ നൃത്തനൃത്ത്യങ്ങൾ'** അവതരണം: സൗപർണ്ണിക,നൃത്തകലാക്ഷേത്രം, പേരാമംഗലം, പേരാമംഗലം, 5.20 ന് **'മോഹിനിയാട്ടം'** അവതരണം: ഗായത്രി നായർ & ദേവനന്ദ നായർ, വട്ടപ്പറമ്പത്ത്, 5.30 ന് **'തിരുവാതിരകളി'** അവതരണം: ശിവദം, പരയ്ക്കാട്, 5.45 ന് **'ഭരതനാട്യം'** അവതരണം: അനാമിക, പൊയ്യത്തറ, 5.55 ന് **'കുച്ചുപ്പുടി'** അവതരണം: റെനിയ ജോഷി, തൊഴുത്തുംപറമ്പിൽ, വൈകീട്ട് 6.05 ന് **'പാഠകം'** പാഞ്ചാലി സ്വയംവരം, അവതരണം: ഹരിശങ്കർ. പി, ശിവശൈലം, കുറ്റൂർ, വൈകീട്ട് 6.30 ന് **'ഓട്ടൻതുള്ളൽ'** കഥ: **'ശ്രീ വിഷ്ണുമായ മാഹാത്മ്യം'** അവതരണം: മുരിയാട് മുരളീധരൻ മാസ്റ്റർ (എ.ഐ.ആർ, ടി.വി ഫൈം) എഴുന്നള്ളിപ്പിനുശേഷം: **'ചാക്യാർകൂത്ത്'** കഥ: **'ശ്രീവിഷ്ണുമായാചരിതം'** അവതരണം: വാചസ്പ്പതി, വിദൂഷകശ്രീ, ശ്രീ. എളവൂർ അനിൽ (ഇല്ലം കലാകേന്ദ്രം), **അടിയന്തിര കേളി:** തിച്ചൂർ ശശി & പാർട്ടി, **കൊമ്പുപറ്റ്:** മച്ചാട് പത്മകുമാർ & പാർട്ടി, **നാദസ്വരം:** 1) തൃശൂർ പി സുധ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

'റഫി ജോസ് മ്യൂസിക് നൈറ്റ്' ശനിയാഴ്ച ജയരാജ് വാര്യർക്ക് അവാർഡ്

തൃശൂർ: സംഗീതജ്ഞരുടേയും സാംസ്കാരിക പ്രവർത്തകരുടേയും കൂട്ടായ്മയായ 'റഫി ജോസ് അസോസിയേഷൻ' ഒരുക്കുന്ന 'റഫി ജോസ് മ്യൂസിക് നൈറ്റ്' ഫെബ്രുവരി 28 നു ശനിയാഴ്ച വൈകുന്നേരം 5ന് തൃശൂർ റീജണൽ തീയേറ്ററിൽ അരങ്ങേറും. മുഹമ്മദ് റഫി പാടിയ ഹിറ്റ് ഗാനങ്ങളുടെ ആലാപകരായ സുദീപ് സംഗമേശ്വരനും ഗംഗയുമാണ് മ്യൂസിക് നൈറ്റ് നയിക്കുക.

തൃശൂർ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം ചെയ്യും. സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ, മഹാനടൻ ടി.ജി രവി എന്നിവർ മുഖ്യാതിഥികളാകും. ഏകാഭിനയ പ്രതിഭ ജയരാജ് വാര്യർക്ക് 'റഫി ജോസ് എക്സലൻസ് അവാർഡ്' സമ്മാനിക്കും. മുതിർന്ന സംഗീത സംവിധായകൻ സണ്ണിരാജ് മാസ്റ്റർ, സംഗീത നാടക അക്കാദമി അവാർഡു നേടിയ ഷോമി ഡേവിസ് എന്നിവരെ ആദരിക്കും.

അനശ്വര റഫി ഗായകനായ പി.കെ. ജോസിന്റെ സ്മരണയ്ക്കായി രൂപീകരിച്ചു രജിസ്റ്റർ ചെയ്ത സംഘടനയാണ് 'റഫി ജോസ് അസോസിയേഷൻ'. കവിയും ഗാനരചയിതാവുമായ രാപ്പാൾ സുകുമാര മേനോൻ പി.കെ. ജോസ് അനുസ്മരണ പ്രഭാഷണം നടത്തും. അസോസിയേഷൻ പ്രസിഡന്റ് അജിത് പി. കുമാർ അധ്യക്ഷത വഹിക്കും.

സംഗീത വിരുന്നിലേക്കു പ്രവേശനം സൗജന്യമാണ്. ഓർക്കസ്ട്രേഷന് പ്രശസ്ത സംഗീത സംവിധായകൻ പോളി നേതൃത്വം നൽകും. സംഗീതജ്ഞരായ പോൾസി, രാജു വർഗീസ്, സന്തോഷ് കുമാർ, പി. മുരളീധരൻ, ജാക്സൺ പോൾ, പി.ഡി. ബെന്നി, മനോജ് പിണറായി, ഷോമി ഡേവിസ്, കെ.ആർ. അജയഘോഷ്, ശിവൻ തെക്കിനിയേടത്ത്, ജെ.പി എന്നിവരാണു മ്യൂസിക് നൈറ്റിൽ വാദകരായി എത്തുന്നത്.

വാർത്താസമ്മേളനത്തിൽ അസോസിയേഷൻ പ്രസിഡന്റ് അജിത് പി. കുമാർ, സെക്രട്ടറി പി.എം.എം. ഷെരീഫ്, ട്രഷറർ കെ. വിജയരാഘവൻ, സുവൃത കുമാർ, ഫ്രാങ്കോ ലൂയിസ് എന്നിവർ പരിപാടികൾ വിശദീകരിച്ചു.

എൻഎസ്എസ് കരയോഗം ഒരുമനയൂർ

56-മത് മന്നം സമാധി ദിനാചാരണം ഒരുമനയൂർ കരയോഗം മന്ദിരത്തിൽ വെച്ച് നടത്തി. ഭദ്ര ദീപം കൊളുത്തി പുഷ്പാർച്ചന നടത്തി. കരയോഗം പ്രസിഡന്റ് രാമചന്ദ്രൻ ഐശ്വര്യ, സെക്രട്ടറി ശശി നായർ വട്ടേക്കാട്ട് , ഉണ്ണി ചാഴിയ ട്ടിരി രാമായണപാരായണം നടത്തി. കൂടാതെ മറ്റു കരയോഗം ഭരണസമിതി അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

മികച്ച ജില്ലാ കളക്ടർക്കുള്ള പുരസ്കാരം കളക്ടർ അർജുൻ പാണ്ഡ്യൻ ഏറ്റുവാങ്ങി

തൃശൂർ: സംസ്ഥാനത്തെ മികച്ച ജില്ലാ കളക്ടർക്കുള്ള അവാർഡ് സ്പീക്കർ എ.എൻ ഷംസീറിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഏറ്റുവാങ്ങി. തിരുവനന്തപുരം പി.എം.ജി കോ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി കെ. രാജൻ, ഭക്ഷ്യവകുപ്പ് മന്ത്രി ജി.ആർ അനിൽ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു പുരസ്ക്കാരം ഏറ്റുവാങ്ങിയത്.

വധശ്രമത്തിന് കേസെടുത്തു

തൃശ്ശൂർ: കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ആരോഗ്യമന്ത്രി വീണാ ജോർജിനെ ആക്രമിച്ച സംഭവത്തിൽ കെഎസ്‌യു പ്രവർത്തകർക്കെതിരെ വധശ്രമം ഉൾപ്പെടെയുള്ള ഗുരുതര വകുപ്പുകൾ ചുമത്തി റെയിൽവേ പോലീസ് കേസെടുത്തു. കെഎസ്‌യു ജില്ലാ പ്രസിഡന്റ് എം.സി. അതുൽ ഉൾപ്പെടെ 5പ്രതികൾക്കെതിരെ 11 ഓളം നിയമ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. മന്ത്രിയെ വധിക്കണമെന്ന ഉദ്ദേശത്തോടെ ആക്രോശിച്ചെത്തിയ സംഘം ആയുധം ഉപയോഗിച്ച് കഴുത്തിന് പരിക്കേൽപ്പിക്കുകയും ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തുകയും ചെയ്തായി എഫ്ഐ.ആറിൽ വ്യക്തമാക്കുന്നു.

പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് ഫെ. 28 മുതൽ പൊതുജനങ്ങൾക്കും പ്രവേശനം: മന്ത്രി കെ. രാജൻ

തൃശ്ശൂർ, പുത്തൂർ സുവോളജിക്കൽ പാർക്ക് ഫെബ്രുവരി 28 ന് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ. പുത്തൂർ സുവോളജിക്കൽ പാർക്ക് അഡ്മിനിസ്ട്രേഷൻ ബ്ലോക്കിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഫെബ്രുവരി 28 ന് രാവിലെ എട്ടിന് വനം വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രനും റവന്യൂ വകുപ്പ് മന്ത്രി കെ. രാജനും മറ്റ് മന്ത്രിമാരും ജനപ്രതിനിധികൾ ഉൾപ്പടെയുള്ളവരുടെ സാന്നിദ്ധ്യത്തിലായിരിക്കും സുവോളജിക്കൽ പാർക്കിലേക്ക് പൊതുജനങ്ങളുടെ ആദ്യ സന്ദർശനം.

14 ആവാസ വ്യവസ്ഥകളിലേക്കാണ് വിവിധ മൃഗങ്ങൾ എത്തിയത്. തൃശ്ശൂർ മൃഗശാലയിലെ മാനുകൾ, കടുവ, കാട്ടുപോത്ത്, ചീങ്കണ്ണികൾ, സിംഹവാലൻ കുരങ്ങുകൾ ഉൾപ്പെടെ 330 മൃഗങ്ങളെ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയത്. ജിറാഫ് ഉൾപ്പെടെയുള്ള വിദേശ മൃഗങ്ങളെ കൊണ്ടുവരുന്നതിലേക്കു നാലു കോടി രൂപ അഡ്വാൻസ് നൽകിയതായും മന്ത്രി പറഞ്ഞു.

സുവോളജിക്കൽ പാർക്കിലെത്തുന്നവർക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിനായി കഫെറ്റീരിയയും നാലു ഫുഡ് കിയോസ്ക്കുകളും ടോയ്‌ലറ്റ് ബ്ലോക്കുകളും സജ്ജമായതായും മന്ത്രി പറഞ്ഞു. പെറ്റിങ് സൂ 2026 മാർച്ച് മാസത്തിൽ പണി തുടങ്ങി മൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ച് വരെയായിരിക്കും സുവോളജിക്കൽ പാർക്കിലേക്കുള്ള പ്രവേശനം. മറ്റ് മൃഗശാലകളിലെ പോലെ തന്നെ തിങ്കളാഴ്ചകളിൽ സുവോളജിക്കൽ പാർക്കിനും അവധിയായിരിക്കും. ഹൈ പവർ കമ്മിറ്റി യോഗം ചേർന്ന് പ്രവേശന ടിക്കറ്റ് നിരക്കുകൾ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു. മുതിർന്നവർക്ക് 100 രൂപയും 5 മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾക്ക് 30 രൂപയും മുതിർന്ന പൗരന്മാർക്ക് 50 രൂപയും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് പ്രവേശനം സൗജന്യവുമായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

ഹെഡ് മാസ്റ്ററുടെയോ പ്രിൻസിപ്പലിന്റെയോ അനുമതിയോടെ സ്കൂൾ യൂണിഫോമിൽ ഗ്രൂപ്പായി വരുന്ന വിദ്യാർത്ഥികൾക്ക് ഇളവുകളോടെയുള്ള പാക്കേജുകളും ഒരുക്കിയിട്ടുണ്ട്. കിന്റർഗാർട്ടൻ, എൽകെജി, യുകെജി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യമായിരിക്കും. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് 30 രൂപ നിരക്കിലും 20 വിദ്യാർത്ഥികൾക്ക് ഒരു അധ്യാപകൻ അല്ലെങ്കിൽ അധ്യാപിക അല്ലെങ്കിൽ ജീവനക്കാരൻ എന്ന നിലയിൽ ഒരാൾക്ക് 30 രൂപ നിരക്കിലും പ്രവേശനം അനുവദിക്കും.

ഇരുചക്രവാഹനങ്ങളുടെ പാർക്കിങിനായി 25 രൂപയും ഓട്ടോറിക്ഷകൾക്ക് 30 രൂപയും കാർ അല്ലെങ്കിൽ ജീപ്പ് എന്നിവയ്ക്ക് 100 രൂപയും 32 സീറ്റുകൾ വരെയുള്ള വാൻ അല്ലെങ്കിൽ ടെമ്പോ അല്ലെങ്കിൽ മിനി ബസ് എന്നിവയ്ക്ക് 175 രൂപയും ബസ്സുകൾക്ക് 250 രൂപയും പാർക്കിംഗ് ഫീസായി നൽകണം. സ്റ്റിൽ ക്യാമറയ്ക്ക് 350 രൂപയും വീഡിയോ ക്യാമറയ്ക്ക് 750 രൂപയും ക്ലോക്ക് റൂമിന് 25 രൂപയുമാണ് ടിക്കറ്റ് നിരക്കായി നിശ്ചയിച്ചിട്ടുള്ളത്.

സുവോളജിക്കൽ പാർക്ക് ചുറ്റിക്കാണുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ രണ്ട് നോൺ എ.സി ഇലക്ട്രിക്ക് ബസ്സുകൾ സജ്ജമായതായും മന്ത്രി പറഞ്ഞു. ഈ ബസ്സുകളിൽ മുതിർന്നവർക്ക് 50 രൂപയും അഞ്ച് മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾക്ക് 25 രൂപയുമായിരിക്കും ടിക്കറ്റ് നിരക്കെന്നും മന്ത്രി അറിയിച്ചു.

മന്ത്രിയോടൊപ്പം ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ രാജേഷ്, സ്പെഷ്യൽ ഓഫീസർ കെ.ജെ. വർഗ്ഗീസ്, പുത്തൂർ സുവോളജിക്കൽ പാർക്ക് ഡയറക്ടർ ബി.എൻ നാഗരാജ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

ഗുരുതി കളം 2k26

കോലഴി: കാർഷിക അഭിവൃദ്ധിക്കും ശത്രു ദോഷനിവാരണത്തിനും ദേശ നന്മയ്ക്കും വേണ്ടി പാരമ്പര്യ പൈതൃക സംരക്ഷണത്തിനും ആയി കുംഭമാസത്തിലെ കുംഭ ഭരണി കാർത്തിക നക്ഷത്രങ്ങളിൽ ആട്ടോർ അയ്യപ്പൻ നാടൻ കലാസമിതി നടത്തിവരാറുള്ള കാളവേല ഇരുപതാമത് വാർഷിക ആഘോഷം വാർഷിക പൊതുയോഗം ഗുരുതിക്കളം 2026 വിവിധ പരിപാടികളോടെ സമാപിച്ചു. 20-ാമത് വാർഷിക ആഘോഷം കോലഴി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എൻ. എ ഉദ്ഘാടനം ചെയ്തു.

കലാസമിതി പ്രസിഡണ്ട് ബിജു ആട്ടോർ അദ്ധ്യക്ഷത വഹിച്ചു പുഴക്കൽ ബ്ലോക്ക് മെമ്പർ നീതു കണ്ണൻ പഞ്ചായത്ത് മെമ്പർമാരായ ഉഷ രവീന്ദ്രൻ, എ. ജെ. ഷാജു എന്നിവർ പ്രസംഗിച്ചു. സമിതി സെക്രട്ടറി സുബീഷ് കൃഷ്ണ കുട്ടി, ട്രഷറർ എൻ. എ അജിത വൈസ് പ്രസിഡൻറ് വിബീഷ് പരമേശ്വരൻ, നേതൃത്വം നൽകി.

എന്റെ സ്മരണകൾ എന്ന പുസ്തക രചയിതാവ് ബാബു പിഎസ്സിനെ ചടങ്ങിൽ പഞ്ചായത്ത് പ്രസിഡണ്ട് എൻ.എ സാബു ഉപഹാരം നൽകി പൊന്നട ചാർത്തി ആദരിച്ചു. തുടർന്ന് സ്ത്രീ വടക്കുമ്പർകാവ് ക്ഷേത്രത്തിലേക്ക് കാള വരവ് സംഘടിപ്പിച്ചു. പടിഞ്ഞാറ് നടയിൽ കാള കളിയും മുടിയാട്ടവും നടത്തി ഗുരുതിക്കളം 2026 സമാപിച്ചു.വാർഷിക പൊതുയോഗത്തിൽ 2026 - 2027 സാമ്പത്തിക വർഷത്തെ ഭാരവാഹികളായി ബിജു ആട്ടോർ പ്രസിഡന്റ്, സുബീഷ് കൃഷ്ണകുട്ടി സെക്രട്ടറി എൻ എ അജിത ട്രഷറർ തുടങ്ങി പതിനൊന്നാം അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും യോഗം ഐക്യ കണ്ഠനെ തെരഞ്ഞെടുത്തു.

അമല ക്യാൻസർ ആശുപത്രിക്ക് പട്ടയം കൈമാറി

അമലനഗർ:അമല ക്യാൻസർ ആശുപത്രി ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിനോട് ചേർന്നുകിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയുടെ പട്ടയം റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രി കെ. രാജൻ, അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സി.എം. ഐ ക്ക് കൈമാറി. അമലയിൽവെച്ച് നടന്ന ചടങ്ങിൽ ദേവമാത പ്രൊവിൻഷ്യൾ ഫാ. ഡോ. ജോസ് നന്തിക്കര അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ഡപ്യൂട്ടികളക്ടർ (എൽ.എ.) ജ്യോതി എം.സി., തഹസിൽദാർ ടി.ജയശ്രീ, ജോയിന്റ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ എന്നിവർ പ്രസംഗിച്ചു.

വർഷങ്ങളായി മുടങ്ങി കിടന്നിരുന്ന പട്ടയ കൈമാറ്റമാണ് റവന്യൂവകുപ്പിന്റെ ശ്രദ്ധാപൂർവ്വമായ ഇടപെടലിലൂടെ സാദ്ധ്യമായത്.

VEHICLES FOR SALE

SHRIRAM FINANCE LTD.

2nd Floor, Ambika Arcade,
Near Bethany English School
Thrissur Road, **KUNNAMKULAM-680503**
TEL: 04885-211347, 9633866878

Vehicle No	Vehicle Description	Year of manufacturing
1. KL 46 X 5007	TATA PRIMA LX 3525 TK	2022 MODEL
2. KL 46 Z 2394	MAHINDRA ZOR GRAND PU EV	2024 MODEL
3. KL 46 Y 3979	ASHOK LEYLAND DOST SRONG	2023 MODEL
4. KL 58 H 7828	TATA SUPER ACE MINT	2012 MODEL
5. KL 48 U 3686	BHARAT BENZ 3528 C BS6 FBT-T	2024 MODEL

കോടതിപരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS. 525/2025

മുകുന്ദപുരം താലൂക്ക് കാട്ടൂർ വില്ലേജിൽ പൊഞ്ഞനം ദേശത്ത് മകരംനിവാസിൽ ജയപ്രകാശ് ഭാര്യ 51 വയസ്സ് ഗൃഹഭരണം പ്രസന്ന

-വാദി

മുകുന്ദപുരം താലൂക്ക് കാട്ടൂർ വില്ലേജിൽ പൊഞ്ഞനം ദേശത്ത് രായംമരക്കാർ വീട്ടിൽ മുഹമ്മദാലി ഭാര്യ 57 വയസ്സ് ഗൃഹഭരണം റെജീന

-പ്രതി

മേൽനമ്പിൽ പ്രതിക്കുള്ള നോട്ടീസ് ബഹു. കോടതിയിലും താമസസ്ഥലത്തും പതിച്ച് നടത്തുവാൻ അനുവദിച്ച മേൽനമ്പ് കേസ് **01-04-2026** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപം ഉള്ളവർ അന്നേ തിയ്യതി പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽനമ്പ് കേസ്സിൽ തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 26-02-2026
വാദിഭാഗം അഡ്വക്കെറ്റ്
പ്രമോദ്.കെ.എസ് (ഒപ്പ്)

കോടതിപരസ്യം

ബഹു. ചാലക്കുടി മുൻസിഫ് കോടതി മുമ്പാകെ

OS No. 440/2021
FDIA No. 8/2025

അൽഫോൻസ

-ഹർജിക്കാരി

1. ചാലക്കുടി താലൂക്ക്, കിഴക്കുംമുറി വില്ലേജ് നാലുകെട്ട് ദേശത്ത്, നാലുകെട്ട് പി.ഒ ചക്കിയത്ത് മൂഡ ജോയി മകൻ ജിയോ
2. ടി ജോയി മകൻ ലിയോ

-എതിർകക്ഷികൾ

മേൽ നമ്പർ ഹർജിയിൽ എതിർകക്ഷികൾക്കുള്ള നോട്ടീസ് പതിച്ച് നടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **10-3-2026** തിയ്യതിയിലേക്ക് വച്ചിരിക്കുന്നു. കേസ് കാര്യത്തിൽ തർക്കമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് നേരിട്ടോ, അഭിഭാഷകൻ മുഖേനെയോ ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം ഹർജി സംഗതികൾ നിങ്ങളെ കൂടാതെ തീർച്ചപ്പെടുത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചിരിക്കുന്നു.

എന്ന് 22-02-2026
ഹർജിഭാഗം അഡ്വക്കെറ്റ്
എം.ഡി ഷാജു (ഒപ്പ്)

RIB REVENUE INFORMATION BUREAU GOVERNMENT OF KERALA

കേരള സർക്കാർ
റവന്യൂ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

45,731 കുടുംബങ്ങൾ കൂടി ഭൂമിയുടെ അവകാശികളാകുന്നു

എല്ലാവർക്കും ഭൂമി
എല്ലാ ഭൂമിക്കും രേഖ
എല്ലാ സേവനങ്ങളും സ്മാർട്ട്

പട്ടയമേള

സംസ്ഥാനതല ഉദ്ഘാടനം
ശ്രീ.പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

തത്സമയം ജില്ലാ കേന്ദ്രങ്ങളിലും

അധ്യക്ഷൻ
ശ്രീ. കെ. രാജൻ
ബഹു. റവന്യൂ-ഭവന നിർമാണ വകുപ്പ് മന്ത്രി

2026 ഫെബ്രുവരി 26 ന് രാവിലെ 10 മണിക്ക്
തൃശൂർ ടൗൺ ഹാളിൽ

ബഹു. മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ,
മറ്റ് ജനപ്രതിനിധികൾ പങ്കെടുക്കും

ഒന്നായി തുടരാം നവകേരളത്തിലേക്ക്

പട്ടയവിതരണത്തിൽ ചരിത്രനേട്ടം
2016 - 2021 1,77,011 പട്ടയങ്ങൾ
2021 - 2025 2,33,947 പട്ടയങ്ങൾ
10 വർഷം 4,56,689 പട്ടയങ്ങൾ

പട്ടയമിഷൻ സമഗ്ര ഫലപ്രാപ്തി
- ഭൂപതിവിന് വിധേയമല്ലാതിരുന്ന വിഷയങ്ങളിൽ സർക്കാരിന്റെ സവിശേഷ ഇടപെടൽ
- തോട്, കുളം, റോഡ്, കടൽ പുറമ്പോക്കുകളിലെ ആയിരങ്ങൾക്ക് പട്ടയം
- മഞ്ചേരി സത്രം ഭൂമി, മൊറാഴ, കോട്ടയ്ക്കൽ ടൈൽസ് ഫാക്ടറി മിച്ചഭൂമി, പ്രകാശ് പ്ലാന്റേഷൻ, തൃശൂർ അവണൂർ, മുളയം, ഒളകര വനാവകാശം, തെലുങ്കർ നഗർ, കടകംപള്ളി, കവടിയാർ കാട് പുറമ്പോക്ക് തുടങ്ങിയ ഭൂവിഷയങ്ങളിൽ പരിഹാരം
- 567 വനഗ്രാമങ്ങൾ റവന്യൂ വില്ലേജുകളാക്കാൻ നടപടി
- പട്ടയം നഷ്ടപ്പെട്ടവർക്ക് നിജസ്ഥിതി സർട്ടിഫിക്കറ്റ്
- ഭൂപതിവ് നിയമത്തിൽ കാലോചിതമായ ഭേദഗതികൾ

ഡിജിറ്റൽ റീസർവെ
- 9.33 ലക്ഷം ഹെക്ടർ അളന്നു. 68.06 ലക്ഷം കൈവശങ്ങൾ 193 വില്ലേജുകളിൽ 9(2) വിജ്ഞാപനം
- 171 വില്ലേജുകളിൽ 13 വിജ്ഞാപനം, രേഖകൾ റവന്യൂ ഭരണത്തിന് കൈമാറി

സ്മാർട്ട് വില്ലേജ്
- 622 പുതിയ സ്മാർട്ട് വില്ലേജുകളും നവീകരിച്ച 407 വില്ലേജുകളും ഉൾപ്പെടെ സംസ്ഥാനത്ത് 1029 സ്മാർട്ട് വില്ലേജുകൾ
- 134 വില്ലേജുകൾ നിർമ്മാണ പുരോഗതിയിൽ
- 129 വില്ലേജുകൾ ടെണ്ടർ / ഭരണപരമായ നടപടിയിൽ

ഡിജിറ്റലായി റവന്യൂ സേവനങ്ങൾ
- ഡിജിറ്റൽ റവന്യൂ കാർഡ്, ഇ - പെയ്മെന്റ് പോർട്ടൽ
- പ്രവാസി മിത്രം പോർട്ടൽ, റവന്യൂ കാൾ സെന്റർ
- ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡർ
- ഏത് ഭൂമിയും തിരയുന്നതിനുള്ള സൗകര്യം
- കെ ബി ടി അപ്പീൽഓൺലൈൻ സംവിധാനം
- റവന്യൂ റിക്കവറി ഡിജിറ്റൽ പെയ്മെന്റ്
- ബിസിനസ് യൂസർക്ക് PAN ലോഗിൻ സൗകര്യം
- റവന്യൂ ഇ - സർവ്വീസ് മൊബൈൽ ആപ്പ്
- ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം
- വില്ലേജ് ഡാഷ്ബോർഡ് VOMIS
- പരാതി പരിഹാര സംവിധാനം
- സാമൂഹ്യ സുരക്ഷാ പെൻഷൻ
- റവന്യൂ ഇ - കോടതി
- ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് HRMS
- ഭൂവിവരങ്ങൾ അറിയുന്നതിന് എന്റെ ഭൂമി പോർട്ടൽ